

# K. CHANDRASEKHARAN NAIR

സെപ്റ്റംബർ 5 -ാം തീയതി രാജ്യമെമ്പാടും അദ്ധ്യാപകദിനമായി ആചരിക്കുന്നു. നമ്മുടെ ഗുരുനാഥൻമാരെ സ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഈ സുദിനത്തിൽ ചില മഹത്‌വ്യക്തികളുടെ പ്രഭാവം മറക്കാനാവാത്ത വിധം മനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ടാവും. അത്തരത്തിൽ പ്രഗത്ഭനായ അദ്ധ്യാപകനാണ്, സ്നേഹപൂർവ്വം എല്ലാവരും ചന്തുസാർ എന്നു വിളിക്കുന്ന പ്രൊഫസർ കെ.ചന്ദ്രശേഖരൻ നായർ. തിരുവനന്തപുരം സർക്കാർ ദന്തൽ കോളേജിൽ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ അധ്യാപകനായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ കീഴിൽ പോസ്റ്റ് ഗ്രാജുവേഷൻ ചെയ്യുവാൻ ഞങ്ങൾക്ക് സുവർണ്ണാവസരം ലഭിച്ചത്. അന്നുമുതൽ ആരംഭിച്ച ഈ ഗുരു ശിഷ്യ ബന്ധം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

അദ്ദേഹം ഔദ്യോഗികവൃത്തി ആരംഭിച്ചത് 1973 ൽ തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജിലായിരുന്നു. 1986ൽ അസിസ്റ്റന്റ് പ്രൊഫസർ ആയും 1987 ൽ അസോസ്സിയേറ്റ് പ്രൊഫസറായും പ്രവർത്തിച്ചു. ഓൾ ഇൻഡ്യാ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടി വരുന്ന വിദ്യാർത്ഥികൾ അന്ന് തിരുവനന്തപുരം ദന്തൽ കോളേജിലെ പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് സീറ്റുകൾ ഈ അദ്ധ്യാപകന്റെ കീഴിൽ പഠിക്കുന്നതിനായി തിരഞ്ഞെടുക്കുമായിരുന്നു. ഇത് ഒരു അദ്ധ്യാപകനെന്ന നിലയിൽ അഭിമാനാർഹമായ നേട്ടമാണ്. 1997 ൽ ഗവൺമെന്റ് സർവ്വീസിൽ നിന്നും വോളന്ററി റിട്ടയർമെന്റ് എടുത്ത ശേഷം അദ്ദേഹം കർണാടകയിലെ M.R. അംബേദ്കർ ദന്തൽ കോളേജിൽ പ്രൊഫസറായി ചേർന്ന വാർത്ത അദ്ദേഹത്തിന്റെ പി ജി വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്ക് തീർത്തും അപ്രതീക്ഷിതമായിരുന്നു. തീരുവനന്തപുരം ദന്തൽ കോളേജിന് നല്ല ഒരു അദ്ധ്യാപകനേയും, നേതാവിനേയുമാണ് നഷ്ടമായത്. അപരിഹാര്യമായ ആ നഷ്ടം എളുപ്പത്തിൽ നികത്താവുന്നതല്ല. 2003ൽ അദ്ദേഹം AECS MARUTI College of Dental Science ബാംഗ്ലൂരിൽ പ്രൊസ്തോഡോണ്ടിക്സ് തലവനായി ജോലിയിൽ പ്രവേശിക്കുകയും അന്നു മുതൽ ആ വിഭാഗത്തിന്റെ നെടുംതൂണായി 2015 വരെ സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാലയളവിൽ മാരുതി ദന്തൽ കോളേജ് അത്യധികം പ്രശസ്തി നേടുകയും അദ്ദേഹത്തിന്റെ വിഭാഗത്തിൽ ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ വളരെ അധികം ആവേശത്തോടെ എത്തിച്ചേരുകയും ചെയ്യുമായിരുന്നു.

2015-ൽ അദ്ദേഹം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയും പ്രൊഫസർ എമിററ്റസ് ആയി ആന്ധ്രാ പ്രദേശിലെ വിഷ്ണു ദന്തൽ കോളേജിൽ പ്രവേശിക്കുകയും ചെയ്തു.

ഈ അദ്ധ്യാപക ജൈത്രയാത്രയിൽ അദ്ദേഹത്തിനുണ്ടായ ഓരോ നേട്ടവും ഞങ്ങളടക്കമുള്ള എല്ലാ വിദ്യാർത്ഥികൾക്കും അഭിമാനജനകമായിരുന്നു. നീണ്ട 46 വർഷത്തെ അദ്ധ്യാപക വൃത്തിയിൽ അദ്ദേഹം നിരവധി യു.ജി, പി.ജി, പി.എച്ച്.ഡി പ്രബന്ധങ്ങളിൽ ഗൈഡ് ആയി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ നിലവാര ത്തിലുള്ള അനവധി ഗവേഷണങ്ങൾ അദ്ദേഹം സ്വന്തമായി ചെയ്യുകയും നയിക്കുകയും ചെയ്തിട്ടുണ്ട്. 190ൽ പരം ശാസ്ത്രീയ ലേഖനങ്ങൾ അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. പ്രശസ്ത ആനുകാലിക പ്രസിദ്ധീ കരണങ്ങളായ വനിത, ഗൃഹലക്ഷ്മി, ആരോഗ്യമാസിക, വനിത ആരോഗ്യം, വിജ്ഞാന കൈരളി, തുടങ്ങിയവയിൽ അദ്ദേഹം സ്ഥിരം പംക്തികൾ എഴുതുമായിരുന്നു. ഇത് പൊതു ജനങ്ങളെ ദന്ത സംരക്ഷണത്തിന്റെ പ്രധാന്യം മന സിലാക്കി കൊടുക്കുന്നതിനു വേണ്ടിയുള്ള ലേഖനങ്ങളായിരുന്നു. തിരുവനന്തപുരം ദന്തൽ കോളേജിലെ മാക്സിലോ ഫേഷ്യൽ പ്രോസ്തസിസ് മേഖലയിൽ അദ്ദേഹം ചെയ്തിട്ടുള്ള ഗണനീയമായ സംഭാവനകളെ ഉൾക്കൊ ള്ളിച്ചുകൊണ്ട് പ്രമുഖ വാരികയായ 'ദി വീക്ക്' ഒരു ലേഖനം തന്നെ തയ്യാറാക്കിയിരുന്നു.

ക്യാൻസർ രോഗം മൂലം വായുടെയും, മുഖത്തിന്റെയും, കൈയുടെയും ഭാഗങ്ങൾ നീക്കം ചെയ്യപ്പെ ടേണ്ടി വരുമ്പോൾ രോഗികൾക്ക് സമൂഹത്തിൽ ആത്മാഭിമാനത്തോടെ ഇടപെടുന്നതിന് കൃത്രിമ ശരീരഭാഗങ്ങൾ നിർമ്മിച്ച് നല്കുന്ന ചികിത്സാ മേഖലയാണ് മാക്സില്ലോഫേഷ്യൽ പ്രോസ്തോഡോണ്ടിക്സ് . ഈ രോഗികളുടെ ചികിത്സക്ക് വേണ്ടി ചന്തു സാറിന്റെ കഠിനാദ്ധ്വാനവും, അർപ്പണ ബോധവും ഞങ്ങൾ നേരിട്ട് പി.ജി. പഠന കാലത്ത് കണ്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സ്വന്തം താല്പര്യത്തിൽ സാധുക്കളും അശരണരുമായ ക്യാൻസർ രോഗികൾക്ക് ആശ്വാസം പകരുന്ന രീതിയിൽ വായ്ക്കകത്തും പുറത്തും ചുണ്ട്, നാക്ക്, ചെവി, കണ്ണുകൾ, മൂക്ക് തുടങ്ങിയ അവയവ ഭാഗങ്ങൾ നിർമ്മിച്ച് നല്കുമായിരുന്നു. എന്തിനധികം കൃത്രിമകാലുകൾ വരെ നിർമ്മിച്ച് നല്കിയിട്ടുണ്ട്. പ്രോസ്തസീസുകൾ വച്ച് കഴിയുമ്പോൾ രോഗികൾക്കുണ്ടാകുന്ന സന്തോഷവും അത് കണ്ടുകൊണ്ടും, സഹായി ച്ചുകൊണ്ടും നില്ക്കുന്ന പി.ജി. വിദ്യാർത്ഥികളായ ഞങ്ങൾക്ക് ഉണ്ടാകുന്ന ആത്മസംതൃപ്തിയും അനിർവചനീയ മാണ്. മുഖ ശസ്ത്രക്രിയ കഴിഞ്ഞാൽ ക്യാൻസർ രോഗികളുടെ പുനരധിവാസത്തിനുള്ള അദ്ദേഹത്തിന്റെ യജ്ഞ ങ്ങൾ വിദ്യാർത്ഥികളായ ഞങ്ങൾക്ക് എക്കാലവും നിലനിൽക്കുന്ന ഒരു പ്രചോദനമായിരുന്നു.

സാമൂഹിക സംഭാവനകളോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ശാസ്ത്രീയ ഗവേഷണങ്ങളും പ്രശംസനീയമാ ണ്. പരിമിതമായ സാഹചര്യങ്ങളിലും സ്വന്തമായി ഉപകരണങ്ങൾ രൂപകല്പന ചെയ്തു. അവ വിലകൂടിയ വിദേശ നിർമ്മിത ഉപകരണങ്ങൾക്ക് പകരമായി ഉപയോഗിക്കാൻ സാധിക്കുന്നവയായിരുന്നു. ഇത്തരത്തിൽ അദ്ദേഹം രൂപകല്പന ചെയ്യുന്ന സാമഗ്രികൾ അദ്ദേഹത്തിന്റെ പി.ജി., പി.എച്ച്.ഡി വിദ്യാർത്ഥികളുടെ അഭിമാനവുമായിരു ന്നു. അവർ ആ ആശയം പല ദേശീയ കോൺഫറൻസുകളിലും ദേശത്തിന് ചേർന്ന ചികിത്സ ആയി അവതരിപ്പി ക്കുകയും ബെസ്റ്റ് പേപ്പർ അവാർഡുകൾ വാരിക്കൂട്ടുകയും ചെയ്തിരുന്നു. സ്വന്തം വിദ്യാർത്ഥികളെ കൊണ്ട് ഗവേ ഷണം ചെയ്യിപ്പിക്കുന്നതിലും അത് പ്രസിദ്ധീകരണമാക്കുന്നതിലും താല്പര്യം ജനിപ്പിക്കുന്ന ഒരു വിശിഷ്ട ഉപദേ ഷ്ടാവുകൂടിയായിരുന്നു അദ്ദേഹം. പ്രോസ്തോഡോണ്ടിക്സ് വിഭാഗത്തിന് വേണ്ടി അദ്ദേഹം തന്നെ രൂപ കല്പന ചെയ്ത ഉപകരണങ്ങൾ നിരവധിയാണ്. (Table 1)

| | |
|---|---|
| 1. | Fiber-reinforced plastic (Acramid) for prosthodontic use |
| 2. | Semi-adjustable articulator (Anantha) |
| 3. | Extraoral tracer (Chandra) |
| 4. | Devised a headgear to stabilize facia facebow |
| 5. | Devised magnetic joint to improve ear prosthesis adjustability |
| 6. | Adjustable joint for finger prosthesis |

| | |
|---|---|
| 7. | Devised a pre-border moulding evaluation technique |
| 8. | Devised feature copy technique for facial prosthesis |
| 9. | Developed a test method/instrument to calibrate spring bows |
| 10. | Developed a method/instrument to measure the pressure exerted by spring bows in the auditory meatus |
| 11. | Throat form measuring gauge |

തീർത്തും വ്യത്യസ്ഥവും, വൈവിധ്യമാർന്നതുമായ ഗവേഷണത്തിനുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ദേശീയതല ത്തിൽ തന്നെ ദന്തവൈദ്യത്തിലെ പ്രോസ്തോഡോണ്ടിക്സ് എന്ന വിഭാഗത്തിന് എന്നും മുതൽകൂട്ടായിരുന്നു.

ഭാവി പ്രോസ്തോഡോണ്ടിസ്റ്റുകൾക്ക് ഒരു മാതൃകാ പ്രൊഫസറായിരുന്നു ചന്തു സാർ, ഇതിനെ അന്വർത്ഥമാക്കും വിധം അദ്ദേഹത്തിന്റ സംഭവനകളെ കണക്കിലെടുത്തുകൊണ്ട് ഡോ. സയാലി സുനിൽ കാലന്ത്രി (പി.ജി. സ്റ്റുഡന്റ്, റൂറൽ ദന്തൽ കോളേജ്, മഹാരാഷ്ട്ര) ഒരു പ്രബന്ധം തന്നെ തയ്യാറാക്കിയിരുന്നു. - (Contributions of Dr. K Chandrasekharan Nair to Prosthodontics).മറ്റൊരു വിദ്യാർത്ഥിനിയായ ഡോ. പ്രീതി കാലിയ അദ്ദേഹത്തോടുള്ള ബഹുമാന സൂചകമായി ഒരു കവിത സമർപ്പിച്ചിരുന്നു. മലയാളിയായ ഈ അധ്യാപകനോട് ദേശീയ തലത്തിൽ തന്നെ വിദ്യാർത്ഥികൾക്കുണ്ടായിരുന്ന ബഹുമാനവും ആദരവും ഇതിലൂടെ വ്യക്തമാണ്.

അദ്ദേഹത്തിന്റെ പ്രസിദ്ധി അന്തർദേശീയ തലത്തിലേയ്ക്ക് വ്യാപിച്ചതോടുകൂടി പ്രധാന ദന്തൽ റഫറൻസ് പുസ്തകങ്ങളായ 'Phillips Science of Dental Materials' തുടങ്ങിയവയിലേക്ക് ആശയങ്ങൾ സംഭാവന ചെയ്യുവാൻ തുടങ്ങി. ഈ പുസ്തത്തിന്റെ ഗ്രന്ഥപരിശോധകനായിരിക്കെ തന്നെ അദ്ദേഹം ഇംഗ്ലീഷിലും മലയാള ത്തിലുമായി അനേകം പുസ്തകങ്ങൾ രചിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇംഗ്ലീഷിലുള്ള രചനകൾ താഴെ ചേർക്കുന്നു. (Table 2)

Table 2

| | |
|---|---|
| 1. | Flexural strength of porcelain veneers, Lambert, Germany, 2012 |
| 2. | Rediscovering complete dentures (1998) |
| 3. | What is not taught in medical colleges (Contributor) (2011) |
| 4. | Effect of disinfectants on modified denture base resins, Lambert, Germany, 2012 |
| 5. | Study on tensile bond of luting cements, Lambert, Germany, 2013 |
| 6. | Metal and ceramic coping borders and their influence on aesthetics, Lambert 2013, |
| 7. | A Primer on Complete Dentures (2014). |

മലയാളത്തിൽ നിരവധി ലേഖനങ്ങൾ എഴുതിയതു കൂടാതെ 11 പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. - 'പല്ലുനന്നാകാൻ' -കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1977, 'വായിലെ ക്യാൻസർ - ശാസ്ത്രസാഹിത്യ പരിഷദ്-1978, 'ദന്ത സംരക്ഷണം'- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -1980, 'നിങ്ങളും പല്ലും'- സലൂജ പ്രകാശൻ - ഡൽഹി -1981, 'അർബു ദവും വായും' - സലൂജ പ്രകാശൻ -ഡൽഹി-1982, 'പല്ലോ പല്ല്'- ബാലഭവൻ, തിരുവനന്തപുരം-1981 എന്നിവ അവ യിൽ ചിലതുമാത്രം.

അദ്ദേഹത്തിന്റെ സംഭാവനകൾ, ലേഖനം, ഗവേഷണം, പുസ്തകമെഴുത്ത്, സാമൂഹ്യ സേവനം തുടങ്ങിയ മേഖലകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. കേരളത്തിൽ ഏറ്റവും അധികം വിദ്യാർത്ഥികളെ ചിന്തിപ്പിക്കുകയും

പ്രചോദിപ്പിക്കുകയും ചെയ്യുന്ന അദ്ധ്യാപകന് അവാർഡ് ഉണ്ടായിരുന്നെങ്കിൽ അതു സാറിന് അർഹതപ്പെട്ടതാണ്. ഞങ്ങളുടെ പി.ജി കാലയളവിൽ, ഏറ്റവും പിറകിൽ നില്ക്കുന്ന വിദ്യാർത്ഥികളെപ്പോലും കൈപിടിച്ച് മുന്നോട്ട് കൊണ്ടുവരുകയും അവരിൽ നിന്നും ഏറ്റവും മികച്ച പ്രകടനം പുറത്തുകൊണ്ടുവരുന്നതിനുമുള്ള അദ്ദേഹത്തിന്റെ കഴിവ് ഞങ്ങൾ അത്ഭുതത്തോടെ നോക്കികാണുമായിരുന്നു.. ഏതു സംശയവുമായി ചെല്ലുമ്പോഴും തിരിച്ച് ഒന്നും തന്നെ പ്രതീക്ഷിക്കാതെ തന്റെ വിദഗ്ദ്ധോപദേശം നല്കുന്നതിന് അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല. വലിയ മനസ്സിന് ഉടമകളായവർക്ക് മറ്റുള്ളവരിൽ പ്രചോദനത്തിന്റെ വിത്തുകൾ പാകാൻ സാധിക്കും എന്നാണ് ഗുരുവായ ചന്തു സാർ ഞങ്ങൾ ഓരോ വിദ്യാർത്ഥികളേയും പഠിപ്പിച്ചിട്ടുള്ളത്. ഏതൊരു വിദ്യാർത്ഥിയിൽ നിന്നും യാതൊരു പക്ഷപാതവും കൂടാതെ ഒരേപോലെ ഉയർന്ന പ്രതീക്ഷകളാണ് അദ്ദേഹം അർപ്പിച്ചിരുന്നത്. തന്റെ വിദ്യാർത്ഥികളെ എല്ലാവരെയും സമന്മാരായി കാണുന്ന രീതിയായിരുന്നു അദ്ദേഹത്തിന്.

വളരെ രസകരവും മുഴുവൻ സമയവും ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നരീതിയിലുള്ള ലക്ച്ചർ ക്ലാസുകൾ എടുത്തിരുന്ന മികച്ച പ്രാസംഗികൻ കൂടിയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികൾക്ക് പൂർണ്ണമായും വിശ്വസിച്ച് തങ്ങളുടെ ഉത്കണ്ഠകൾ പങ്കുവയ്ക്കാമായിരുന്ന ഗുരുനാഥൻ കൂടിയായിരുന്നു സാർ, നമ്മൾ തെറ്റുകൾ ചെയ്യുമ്പോൾ അദ്ദേഹം അത് തിരുത്തുകയും സ്വന്തം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുമായുരിന്നെങ്കിലും ഒരിയ്ക്കലും അതു പിന്നീടുള്ള സംഭാഷണത്തിൽ കയറി വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. അദ്ദേഹം തമാശ രൂപേണ തെറ്റുകൾ ചൂണ്ടികാണിയ്ക്കുകയും നയപരമായി നമ്മെ മനസ്സിലാക്കി തരുകയും ചെയ്യുമായിരുന്നു. ആരെങ്കിലും കടുത്ത ഭാഷയിൽ സംസാരിച്ചാൽ പോലും വളരെ ശാന്തനായി കാര്യകാരണ സഹിതം അല്പം നർമ്മത്തോട് കൂടി എന്നാൽ കേൾക്കുന്നവർക്ക് തീരെ അപ്രിയം തോന്നാതിരിക്കുകയും ചെയ്യുന്ന രീതിയിൽ മറുപടി പറയുകയും ചെയ്യുമായിരുന്നു. ആരാലും അനുകരിക്കാനാവാത്ത ശൈലിയും കർമ്മകുശലതയും അദ്ദേഹത്തെ സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ തല ഉയർത്തി നിർത്തുന്നു. അദ്ദേഹത്തിന്റെ സമർപ്പണ ബോധം അതിശ്രദ്ധയുള്ള മാർഗനിർദ്ദേശം, ഉറച്ചതീരുമാനമെടുക്കാനുള്ള കഴിവ്, എളിമ, തുടങ്ങിയ ഗുണങ്ങൾ മറ്റൊരു പ്രൊഫസറിലും ദർശിച്ചിട്ടില്ല. ഈ ഗുണങ്ങൾ അദ്ദേഹത്തിന് പ്രൊഫഷണൽ രംഗത്തെ പ്രാസംഗികൻ എന്ന പദവി നേടിക്കൊടുത്തു. 1986 മുതൽ 2019 വരെ അദ്ദേഹം 140ൽ പരം പ്രൊഫഷണൽ അഡ്വാൻസ്മെന്റ് പരിപാടികൾ സംഘടിപ്പിക്കുകയും 45ൽ പരം അന്തർദേശീയ ദന്തൽ, മെഡിക്കൽ കോൺഫറൻസുകളിൽ ഗസ്റ്റ് സ്പീക്കർ ആയി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ തന്നെ 40ൽ പരം ടിച്ചേഴ്സ് ട്രെയിനിംഗ് വർക്ക് ഷോപ്പുകൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി സംഘടിപ്പിച്ചിട്ടുമുണ്ട്. വിദ്യാഭ്യാസപരവും സാമൂഹികവുമായ അദ്ദേഹത്തിന്റെ വിശാലമായ സംഭാവനകൾ പരിഗണിച്ചു കൊണ്ട് അനവധി അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. അതിൽ ചിലത് ചുവടെ ചേർക്കുന്നു. Table 3

Table 3

| | |
|---|---|
| 1979, 1980 | Alarsin research award |
| 1982 | IDA best paper award |
| 1986 | IDA Barucha award |
| 1979 | Award for neo literature, Govt. of India |
| 1980 | Award for neo literature, Govt. of India |
| 1991 | IPS Best Paper award |
| 1996 | Ramabhadran memorial award |

| | |
|---|---|
| 2005 | Dr. Kuriakose Memorial Oration award |
| 2005 | Dr. BC Shroff Oration IPS |
| 2007 | Vaidyabhooshan award, Pazhassiraja Trust |
| 2013 | Dr. T.M. Udani Oration IPS |
| 2013 | Dr. ShivarathnaSavadi Endowment lecture, RGUHS, Bangalore |
| 2015 | Dantacharya award by Kerala Dental Council, Govt of Kerala |
| 2016 | Dr. Jacob Zachariah Memorial Oration, IDA, Alleppy, Kerala |

ഈ അവാർഡുകൾ കൂടാതെ പല പ്രശസ്തമായ പദവികളും അദ്ദേഹം അലങ്കരിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ വിദ്യാർത്ഥികൾക്കു വിദ്യയും, വിജ്ഞാനവും പകർന്നു കൊടുക്കുന്നതിലുപരി അവരെ നേർ വഴിയിലൂടെ നയിക്കുന്നതിന് ഒരു പോസിറ്റീവ് മനഃസ്ഥിതിയാണ് വേണ്ടത്. ഒരു അദ്ധ്യാപകന്റെ ജീവിതത്തിലെ ഏറ്റവും മികച്ച നേട്ടം അദ്ദേഹത്തിന്റെ ആശയങ്ങൾ എത്ര മാത്രം തന്റെ വിദ്യാർത്ഥികളെ സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും, തിരുവനന്തപുരത്തേക്ക് ഒരു യാത്ര ഉണ്ടെങ്കിൽ, ചന്തു സാറിനെ കാണുക എന്നത് ഞങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ ഓരോ സന്ദർശന വേളകളിലും അദ്ദേഹം ഇന്ത്യയിലെ ദന്തൽ വിദ്യാഭ്യാസം എങ്ങിനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കും എന്നതിനെക്കുറിച്ച് വിശദീകരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ അഭിലാഷം ഇന്ത്യയിലെ ദന്തൽ വിജ്ഞാനശാഖ ലോകത്തിനു തന്നെ ഒരു മാതൃകയാവണം എന്നതായിരുന്നു. അതിലേക്കായി പുതിയ പഠനരീതികളും ശിക്ഷണരീതികളും ഉൾപ്പെടുത്തികൊണ്ട് പല നിർദ്ദേശങ്ങളും വയ്ക്കുമായിരുന്നു. ഈ അദ്ധ്യാപക ദിനത്തിൽ അക്കാദമിഷ്യൻ, അനുഗ്രഹീതനായ അധ്യാപകൻ എല്ലാറ്റിലും ഉപരി എളിമയുള്ള മനുഷ്യനുമായ സാറിനെ ഞങ്ങൾ നമിക്കുന്നു. കേരളത്തിലുള്ള എല്ലാ ദന്തൽ കോളേജുകളിലേയും ദന്ത ഡോക്ടർമാരെ അദ്ദേഹത്തിന്റെ ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി, കൂട്ടായി പ്രവർത്തിക്കുമെന്ന് വിശ്വസിക്കുന്നു. ഉയർന്ന സ്വപ്നങ്ങൾ കാണാൻ പ്രോത്സാഹിപ്പിക്കുന്ന ഇതിഹാസത്തിനു മുൻപിൽ ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

എന്ന്

പ്രാർത്ഥനയോടെ

സ്വന്തം

പി.ജി അലുമിനി 1995 ബാച്ച്

ശുഭം.